(b) No individual application has been received either direct or through co-operative societies. Requests for houses and house sites are being received from co-operative societies.

(c) Does not arise.

അഗ്നിശമനയന്ത്രങ്ങൾ.

*95. [37] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ എത്ര അഗ്നിശമനയന്ത്രങ്ങൾ ഉണ്ട്;

(ബി) അടുത്ത കാലത്തു് ഗവണ്മെൻറ് പുതിയ തരത്തിലുള്ള എത്ര അഗ്നിശമനയന്ത്രങ്ങൾ വാങ്ങി;

(സി) അതിന്റെ വില എന്തു്;

(ഡി) ഇപ്പോൾ അവ എങ്ങനെല്ലാം ഡിസ്ട്രിക്ട് കൗൺസിലുകൾക്കാണ് നൽകിയിരിക്കുന്നതു്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) 22.

(ബി) 5.

(സി) 1,31,743 രൂപാ, 11 അണ, 0 സ.

(ഡി) തിരുവനന്തപുരം, കൊല്ലം, കോട്ടയം എന്നീ ഡിസ്ട്രിക്ട് കൗൺസിലുകൾക്കു്.

തമിഴ് പ്രക്ഷോഭണം സംബന്ധിച്ച കേസുകൾ.

*96. [39] ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി പറയുമോ:

(എ) തമിഴ് പ്രക്ഷോഭണം സംബന്ധിച്ചുള്ള കേസുകൾ എത്ര; അവയുടെ ഇപ്പോഴത്തെ നില എന്തു്;

(ബി) അവയെ പറ്റി വീണ്ടും അന്വേഷണങ്ങൾ നടത്തുന്നുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) നാല്പതു് (40). ഈ കേസുകളെല്ലാം പിൻവലിക്കുവാൻ ഉത്തരവു് പുറപ്പെടുവിച്ചിട്ടുണ്ടു്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പൊതു ആവശ്യത്തിനു ഭൂമി.

*97. [40] ശ്രീ. ടി. പി. സീതാരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു ആവശ്യത്തിനു ഭൂമി അക്വയർ ചെയ്യുന്നതിൽ കാലതാമസം നേരിടാതിരിക്കുവാൻ എന്തു നടപടി സ്വീകരിക്കുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ വകുപ്പിൽ ഇപ്പോൾ എവിടെ എത്ര ആഫീസർമാർ ഉണ്ട് ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) പൊതു ആവശ്യത്തിനു് ഭൂമി അകപ്പയർ ചെയ്യുന്നതിനു് കാലതാമസം നേരിടാതിരിക്കുവാൻ "Urgency Clause" അനുസരിച്ചു് നടപടി എടുക്കുവാൻ അത്യാവശ്യമുള്ള കേസുകൾ ഗവണ്മെൻറ് അനുവാദം കൊടുക്കാറുണ്ടു്. അങ്ങനെയുള്ള കേസുകളിൽ തിരുവിതാംകൂർ പൊന്നുംവില ആക്ടു് 9-ാം വകുപ്പും, കൊച്ചിൻ ആക്ടു് 5-ാം വകുപ്പും അനുസരിച്ചു് പ്രസ്യം പ്രസിദ്ധപ്പെടുത്തി 15 ദിവസം കഴിയുന്ന മുറയ്ക്കു് സ്ഥലം കൈവശപ്പെടുത്തുന്നതിനു് നിബന്ധനയുണ്ടു്. സാധാരണ കേസുകളിൽ ഭൂമി എടുക്കുന്നതിനു് താമസം നേരിടാതിരിക്കുന്നതിനു് വേണ്ടി ഡിസ്ട്രിക്ടു് കളക്ടറന്മാരുടെ റിപ്പോർട്ടുകൾ നേരിട്ടു് ഗവണ്മെൻറിലേക്കു് അയയ്ക്കുന്നതിനും അനുവാദം കൊടുത്തിട്ടുണ്ടു്. കളക്ടറന്മാരുടെ അധികാരങ്ങളോടുകൂടി അകപ്പിസിഷൻ ജോലിക്കു് തന്നെയായി പ്രത്യേകം ഉദ്യോഗസ്ഥന്മാരെയും നിയമിച്ചിട്ടുണ്ടു്.

(ബി) അകപ്പിസിഷൻ ആഫീസറന്മാരുടെ പട്ടിക.

(1) എല്ലാ ഡിസ്ട്രിക്ടു് കളക്ടറന്മാരും,

(2) സ്പെഷ്യൽ ലാൻഡു് അകപ്പിസിഷൻ ആഫീസർ, നെയ്യാർ ഇറിഗേഷൻ സ്കീം, കാട്ടാക്കട.

(3) വി. ആർ. ഡി. ലാൻഡു് അകപ്പിസിഷൻ ആഫീസർ, നാഞ്ചേൺ സർക്കിൾ, എറണാകുളം.

(4) വി. ആർ. ഡി. ലാൻഡു് അകപ്പിസിഷൻ ആഫീസർ, സതേൺ സർക്കിൾ, തിരുവനന്തപുരം.

(5) സ്പെഷ്യൽ ലാൻഡു് അകപ്പിസിഷൻ ആഫീസർ, ഇലക്ട്രിസിറ്റി, പള്ളം.

(6) സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ, കൊല്ലം-എറണാകുളം റയിൽവേ, കൊല്ലം.

(7) സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ, കൊല്ലം-എറണാകുളം റയിൽവേ, കോട്ടയം.

(8) സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ, നാഷണൽ ഹൈവേസ്, കൊല്ലം.

(9) സ്പെഷ്യൽ ലാൻഡു് അകപ്പിസിഷൻ ആഫീസർ, ഇറിഗേഷൻ സ്കീം, തൃശ്ശൂർ.

കാലടി പൗലന്റെ മരണത്തെപ്പറ്റിയുള്ള അന്വേഷണം.

*98. [41] ശ്രീ. പി. കെ. യശോധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി പറയുമോ :

(എ) കാലടി പൗലൻ എന്നയാളിന്റെ മരണത്തെപ്പറ്റിയുള്ള പരാതികളെ അസ്വദമാക്കി പോലീസു് മുഖേന അല്ലാതെ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly